വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി) പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ആദ്യ പടിയായി കൈത്തറിത്തൊഴിലാളികളുടെ തൊഴിലിലുള്ള വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുവാൻ പരിശീലനം നൽകുന്ന ഒരു ഹാൻഡ്ലൂം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് കണ്ണൂരിൽ ഉടൻതന്നെ ആരംഭിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്, അത്തരമൊരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ 15-5-1986-ൽ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടത്താനും, ഇൻസ്റ്റിറ്റ്യൂട്ട് സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുമായി കേരളാ സ്റ്റേറ്റ് ഹാൻഡ്ലൂം ഡവലപ്പ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ വ്യവസായവകുപ്പു മന്ത്രി ചെയർമാനായി ഒരു ഗവേണിംഗ് ബോഡിയും രൂപീകരിച്ചിട്ടുണ്ട്.

(സി) ഇൻസ്റ്റിറ്റ്യൂട്ട് രജിസ്റ്റർ ചെയ്യുന്നതിന് സ്പെഷ്യൽ ഓഫീസർ നടപടി സ്വീകരിച്ചു വരുന്നു. രജിസ്റ്റർ ചെയ്തു കിട്ടിയ ഉടൻ പ്രവർത്തനം ആരംഭിക്കും.

ഭൂനികുതി

* 296 [437] ശ്രീ. ഇ. പത്മനാഭൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം ഭൂനികുതിയുടെ നിരക്കിലും ഘടനയിലും എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്;

(ബി) ഇതുമൂലം ഭൂനികുതി വഴിയുള്ള വരുമാനത്തിൽ എന്തു വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞു?

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) 1983-ലെ കേരള ഫൈനാൻസ് ആക്റ്റ് അനുസരിച്ച് 1-4-1983 മുതൽ നികുതി നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പുതുക്കിയ നിരക്കനുസരിച്ച് ഒരു ഹെക്ടറോ, അതിൽക്കൂടുതലോ ഭൂമിയുള്ളവർക്ക് പ്രതിവർഷം ഹെക്ടർ ഒന്നിന് 20 രൂപ നിരക്കിലും, ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവർക്ക് പ്രതിവർഷം ഹെക്ടറിന് 4 രൂപ 94 പൈസ നിരക്കിലും ഭൂനികുതി ചുമത്തുന്നതാണ്.

(ബി) ഇതുമൂലം ഭൂനികുതി ഇനത്തിൽ ഒരുവർഷം 1,31,56,632.53 രൂപയുടെ വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പൈലറ്റ് പ്ലാന്റുകൾ

* 297 [438] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്ക് പരിശീലനം നൽകാൻ പൈലറ്റ് പ്ലാന്റുകൾ സ്ഥാപിക്കുമെന്ന തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം എന്ത്?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി) വ്യവസായ സംരംഭകർക്ക് പരിശീലനം നൽകാൻ പൈലറ്റ് പ്ലാന്റുകൾ സ്ഥാപിക്കുമെന്ന് തീരുമാനമെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly